(എ) സൈലന്റ്‌വാലി വനപ്രദേശത്തുള്ള ജന്തു സസ്യജാലങ്ങളെപ്പറ്റി പഠനം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) ബൊട്ടാണിക്കൽ സർവേ ഓഫ് ഇൻഡ്യയുമായി സഹകരിച്ചുകൊണ്ട് സൈലന്റ്‌വാലി വനപ്രദേശത്തെ സസ്യജാലങ്ങളെ സംബന്ധിച്ച് ഒരു പഠനം നടത്തി അവിടുത്തെ സസ്യങ്ങളെ ഡോക്കുമെന്റ് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ;

(സി) വംശനാശം വന്ന ചെടികളെയോ മറ്റു സസ്യങ്ങളെയോ പ്രസ്തുത വനത്തിൽ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചില ജീവജാലങ്ങളെപ്പറ്റി പഠനം നടത്തിയിട്ടുണ്ട്.

(ബി) കേരളത്തിലെ ഗവേഷണ സ്ഥാപനങ്ങളിലെ ശാസ്ത്രജ്ഞരുടെ നേതൃത്വത്തിൽ സപുഷ്പികളായ സസ്യങ്ങളെ ഡോക്കുമെന്റ് ചെയ്തിട്ടുണ്ട്. ബോട്ടാണിക്കൽ സർവ്വേ ഓഫ് ഇന്ത്യയും സൈലന്റ്‌വാലിയിലെ സസ്യങ്ങളെ സംബന്ധിച്ച് പഠനം നടത്തി ഡോക്യുമെന്റ് ചെയ്തിട്ടുണ്ട്. ഇതുകൂടാതെ പുഷ്പിക്കാത്ത സസ്യവിഭാഗങ്ങളായ ആൽഗകൾ, ബ്രയോഫൈറ്റുകൾ, കൂണുകൾ തുടങ്ങിയവയുടെ ഡോക്യുമെന്റേഷന് ബൊട്ടാണിക്കൽ സർവ്വേ ഓഫ് ഇന്ത്യയുമായി സഹകരിച്ച് ഗവേഷണപദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ട്.

(സി) വംശനാശം വന്നു എന്ന് കരുതിയ പല സസ്യങ്ങളേയും സൈലന്റ് വാലി വനത്തിൽ നിന്നും കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. അതിൽ ചില പുതിയ ഇനങ്ങളെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

തൃശ്ശൂർ ജില്ലയിൽ വനംവകുപ്പിലെ താൽക്കാലിക വാച്ചർമാരുടെ വേതനം

117 [T1835] ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ വനംവകുപ്പിലെ താല്ക്കാലിക വാച്ചർമാർക്ക് ഏതുമാസം വരെയുള്ള വേതനം വിതരണം ചെയ്തിട്ടുണ്ടെന്ന് പറയാമോ ;

(ബി) എത്രമാസത്തെ കുടിശ്ശിക വേതനമാണ് ഇവർക്ക് നൽകാനുള്ളത് ;

(സി) ഈ വിഭാഗം ജീവനക്കാർക്ക് വേതനം വിതരണം ചെയ്യാൻ ഉണ്ടായ കാലതാമസത്തിനുള്ള കാരണങ്ങൾ പറയാമോ ;

(ഡി) എത്രയും വേഗം കുടിശ്ശിക വേതനം നൽകുവാനും ഭാവിയിൽ എല്ലാ മാസവും നിശ്ചിത തീയതിക്കുള്ളിൽ വേതനം ലഭ്യമാക്കാനും നടപടികൾ സ്വീകരിക്കുമോ ?

† അനുബന്ധം-VI

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിലെ ചാലക്കുടി, വാഴച്ചാൽ, സോഷ്യൽ ഫോറസ്ട്രി ഡിവിഷനുകളിൽ 2005 വരെയും തൃശ്ശൂർ ഡിവിഷനിൽ നവംബർ 2004 വരെയും താൽക്കാലിക വാച്ചർമാർക്ക് വേതനം നൽകിയിട്ടുണ്ട്.

(ബി) തൃശ്ശൂർ ഡിവിഷനിൽ രണ്ടുമാസത്തെ വേതനം കുടിശ്ശികയായി നൽകുവാനുണ്ട്.

(സി) ബന്ധപ്പെട്ട ബഡ്ജറ്റ് ശീർഷകത്തിൽ ലെറ്റർ ഓഫ് ക്രെഡിറ്റ് ലഭ്യമല്ലാത്തതിനാലാണ് വേതനം നൽകുവാൻ കാലതാമസം വന്നിട്ടുള്ളത്.

(ഡി) ലെറ്റർ ഓഫ് ക്രഡിറ്റ് ലഭിക്കുന്ന മുറയ്ക്ക്തന്നെ വേതനം നൽകുവാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

കോഴിക്കോട് ജില്ലയിലെ കൃഷിക്കാരെ വനഭൂമിയിൽനിന്ന് ഒഴിപ്പിക്കുന്ന നടപടി

118 [T1836] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ പനങ്ങാട് പഞ്ചായത്തിൽ കാന്തലോട് വില്ലേജിൽ വർഷങ്ങളായി കൃഷി ചെയ്തുവരുന്ന കൃഷിക്കാരുടെ കൈവശഭൂമി നിക്ഷിപ്ത വനഭൂമിയിൽപ്പെട്ടതാണ് എന്ന് കാണിച്ച് ഒഴിഞ്ഞുപോകാൻ നോട്ടീസ് നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് നോട്ടീസ് കൊടുത്തത് എന്ന് വെളിപ്പെടുത്താമോ ;

(ബി) മൊത്തം എത്ര കൃഷിക്കാർക്കാണ് നോട്ടീസ് കൊടുത്തത് എന്ന് വെളിപ്പെടുത്തുമോ ;

(സി) സ്വകാര്യ വനം ദേശവത്ക്കരിക്കുന്നതിനുമുമ്പ് ഭൂമി കൈവശമുള്ളവരാണ് ഈ കൃഷിക്കാർ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(ഡി) ഇവരെ ഒഴിപ്പിക്കുന്നത് തടയാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നോട്ടീസ് നൽകിയിട്ടില്ല.

(ബി) ഉത്തരം 'എ'-യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) & (ഡി) സ്വകാര്യ വനം ദേശസാൽക്കരണം വരുന്നതിനുമുമ്പ് കൃഷി ചെയ്തുവന്ന സ്ഥലം പ്രസ്തുത നിയമത്തിന്റെ പരിധിയിൽ വരുന്നില്ല. കോഴിക്കോട് ജില്ലയിൽ 1990-ൽ നടത്തിയ സംയുക്ത പരിശോധനയിൽ 1-1-1977-നു മുമ്പുള്ള കയ്യേറ്റങ്ങളാണെന്നു കണ്ടവ ഒഴിപ്പിക്കാൻ യാതൊരു നടപടിയും എടുത്തിട്ടില്ലാത്തതിനാൽ അവ തടയേണ്ട ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly